(ബി) കൊച്ചി രാജ്യത്തെ ഹൈക്കോടതിക്കു് ആവക ഉദ്യോഗനിയമനാധികാരം കൊടുക്കുന്നതിൽ ഗവൺമേണ്ടിനു വല്ല വിരോധവും ഉണ്ടോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ :

(എ) മദിരാശി സംസ്ഥാനത്തിൽ പബ്ലിക്കു സർവ്വീസ്സു് കമ്മീഷനരായി ആലോചിച്ചു തയ്യാറാക്കിയിട്ടുള്ള ഒരു പട്ടികയിൽ നിന്നും ഹൈക്കോടതിയാണു മുൻസിഫ്മാരെ നിയമിക്കുന്നതു്. അവിടെ മജിസ്ട്രേട്ടമാരേയും ഡിസ്ട്രിക്ട് മജിസ്ട്രേട്ടമാരേയും നിയമിക്കുന്നതു ഗവൺമേണ്ടാണു്.

(ബി) ആവക നിയമനാധികാരം ഹൈക്കോടതിക്കു കൊടുക്കുവാൻ നിവൃത്തിയുണ്ടെന്നു ഗവൺമേണ്ടു കരുതുന്നില്ല; പക്ഷെ നിയമനങ്ങൾ നടത്തുമ്പോൾ ഗവൺമേണ്ടു ക്കൂടെക്കൂടെ ഹൈക്കോടതിയോടു് ആലോചിക്കാറുണ്ടു്.

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി: ഈ നിവൃത്തികേടു് എന്താണെന്നു പറയാമോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: ഇപ്പോൾ ഹൈക്കോടതിയോടു് ആലോചിച്ചിട്ടാണു് ചെയ്യുന്നതു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: പട്ടിക പബ്ലിക്കു് സർവ്വീസ് കമ്മീഷനു കൊടുക്കുന്നതു് ഹൈക്കോടതിയിൽനിന്നാണൊ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: പബ്ലിക്കു് സർവ്വീസ്കമ്മീഷൻ ലിസ്റ്റു് തയ്യാറാക്കുന്നു. അതിൽനിന്നാണു് ഹൈക്കോടതി നിയമിക്കുന്നതു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: പബ്ലിക്കു് സർവ്വീസ് കമ്മീഷൻ ഹൈക്കോടതിയോടു് ആലോചിച്ചാണൊ ലിസ്റ്റു് തയ്യാറാക്കുന്നതു്?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: മുൻസിഫ്മാരുടെ നിയമനത്തിനെ ഹൈക്കോടതിയോടു ആലോചിക്കുകയുള്ളു. ബാക്കിയുള്ള നിയമനങ്ങൾ നടത്തുന്നതു ഗവൺമെണ്ടിൽനിന്നാണു്.

Mr. P. Kumaran Ezhuthassan *(Vadakkancheri):* In the answer to sub division (*a*) it is stated that the Government prepares a list of persons competent to be appointed as Judicial Officers and from that list the High Court appoints persons. That is the pactice in Madras.

Mr. President: I understand the Hon'ble Member to be asking a supplementary question regarding the practice in Madras. I think it is too much to expect the Government here to know everything about the practice in Madras. In the answer to the question certain definite information is supplied. I do not think it quite reasonable to expect them to enable to supplement it.

Mr. B. V. K. Menon *(Secretary to Government):* The purpose to be served by the procedure now contemplated is even now done. Government consider such and such persons must be appointed and then they consult the High Court and ascertain their views to know whether they have any objection. We take their advice before the appointment is effected.

Mr. P. Kumaran Ezhuthassan *(Vadakkancheri):* It is not about the suitability of the candidate and about the Government coming to a decision after consulting them; I should like to know whether they have any objection for the selection of the candidate by the High Court.

Mr. B. V. K. Menon *(Secretary to Government):* Government do feel that it is better that the power of appointment should be in the hands of Government.

SHARE OF CRANGANUR PORT CUSTOMS

൩൭. മിസ്റ്റർ പി. എ. മുഹമ്മതു അഷറഫ്:

താഴെ എഴുതുന്ന ചോദ്യത്തിനു് ഗവൺമേണ്ടു് സദയം മറുപടി നൽകാമോ.—

ഇൻറർ പോട്ടൽ ട്രേഡ് കൺവെൻഷൻ അനുസരിച്ചു കൊച്ചിക്കു കിട്ടുന്ന ആദായത്തിൽനിന്നും കൊടുങ്ങല്ലൂർ അർഹിക്കുന്ന വീതം കൊടുത്തു വരുന്നുണ്ടോ?

മിസ്റ്റർ പി. വി. റാഫേൽ :

കൊടുങ്ങല്ലൂരിനു ഈ ആദായത്തിൽ യാതൊരു ഓഹരിക്കും അവകാശമില്ല.

DEARNESS ALLOWANCE TO PENSIONERS

38. **Mr. M. I. Paul** *(Narakkal):* Will Government be pleassed to state whether the Government give Dearness Allowance to pension officers?

LIBRARY ARCHIVES Kerala Legislative Assembly